പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ എം. പി. ഗോവിന്ദൻനായർ) :

(എ) സ്റ്റേറ്റിൽ ആകെ 122 വിഷവൈദ്യശാലകളും ഉണ്ട്.

(ബി) അവയിൽ രണ്ടു വിഷവൈദ്യ ആശുപത്രികളും അഞ്ചു വിഷവൈദ്യഡിസ്പെൻസറികളും ഗവണ്മെന്റ് നേരിട്ടു നടത്തുന്നു. 115 എണ്ണത്തിനു ഗ്രാൻറ് നൽകുന്നു.

(സി) ഈ കാര്യത്തിൽ യാതൊരു പദ്ധതിയും ഗവണ്മെൻറ് രൂപീകരിച്ചിട്ടില്ല. എന്നാൽ ആവശ്യം അനുസരിച്ചും ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ളതുക അനുസരിച്ചും വിഷവൈദ്യശാലകൾക്ക് ഗ്രാൻറ് നൽകുന്നുണ്ട്.

(ഡി) ഗ്രാൻറ് അനുവദിക്കുന്ന അവസരത്തിൽ ഗ്രാൻറിനു കൂടുതൽ ആവശ്യകതയും അർഹതയുമുള്ള സ്ഥലങ്ങൾക്കും സ്ഥാപനങ്ങൾക്കും ഗവണ്മെൻറ് മുൻഗണന നൽകുന്നുണ്ട്.

തടിലേലം.

* 508, [18] ശ്രീ. പി. ആർ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ഈ സാമ്പത്തികവർഷത്തിൽ (1963–64) ഡിസംബർ അവസാനംവരെ വനത്തിൽനിന്നും തടി ലേലം ചെയ്തും മറ്റും എത്ര വരുമാനമുണ്ടായിട്ടുണ്ട് ;

(ബി) വനത്തിലെ മറ്റു വിഭവങ്ങളിൽനിന്നും എത്ര വരുമാനമുണ്ടായിട്ടുണ്ട് ;

(സി) നമ്മുടെ വനസമ്പത്തുകൾ വർദ്ധിപ്പിക്കുന്നതിനു ഗവണ്മെൻറ് എത്ര നടപടികൾ എടുത്തിട്ടുണ്ട് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ) :

(എ) തടിവില്പനയിൽനിന്നുമുള്ള വരുമാനം 3,10,57,428 രൂപയാണ്.

(ബി) മറ്റു വിഭവങ്ങളിൽനിന്നുമുള്ള വരുമാനം 31,11,530 രൂപയാണ്.

(സി) വനങ്ങൾ വളരെയധികം തെളിച്ചു, തേക്ക്, യൂക്കാലിപ്റ്റസ് വെള്ള മരങ്ങൾ (Softwood) മുതലായ വിലപിടിപ്പുള്ള പ്ലാന്റേഷനുകൾ വച്ചുപിടിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

ഉപഭോക്തൃ സഹകരണ സ്റ്റോറുകൾ.

* 509. [22] ശ്രീ. കെ. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) മൊത്ത വ്യാപാര ഉപഭോക്തൃസഹകരണസ്റ്റോറുകൾ ഈ സംസ്ഥാനത്തു് എത്രയെണ്ണം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് ;

(ബി) ഓരോന്നിനും ഗവണ്മെൻറ് നൽകിയിട്ടുള്ള ലോണും, ഗ്രാൻറും തുകയെത്ര ;

(സി) പ്രവർത്തനം ആരംഭിക്കാത്തവ എപ്പോൾ ആരംഭിക്കുമെന്നു് പ്രതീക്ഷിക്കുന്നു?

LIBRARY ARCHIVES Kerala Legislative Assembly